# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2882 06/11/2019 -ലെ മറുപടിക്ക്.

### സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകൾ

ചോദ്യം

**ശ്രീ.കെ.ജെ. മാക്സി :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ എത്ര ക്ഷേമനിധി ബോർഡുകളുണ്ട്; അവ ഏതെല്ലാം എന്നും ഓരോന്നിലും എത്ര അംഗങ്ങൾ ഉണ്ട് എന്നും വ്യക്തമാക്കുമോ; | (എ) | തൊഴിൽ വകുപ്പിനു കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ ഉണ്ട്. ബോർഡുകളുടെ പേരും അംഗങ്ങളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവയിൽ ഏതെങ്കിലും ബോർഡുകളെ സർക്കാർ സംയോജിപ്പിച്ചോയെന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | അംഗസംഖ്യകൾ കുറവുള്ളതും സമാനതകളുള്ളതുമായ ബോർഡുകളെ സംയോജിപ്പിച്ച് അവയുടെ പ്രവർത്തനം പുരോഗതിയിലെത്തിക്കാനും അംഗങ്ങൾക്ക് അതുവഴി കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനും വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങൾ ഈ സർക്കാർ നടത്തിവരുന്നു; വിശദാംശം ലഭ്യമാക്കുമോ; | (സി) | സമാന സ്വഭാവമുള്ള ബോർഡുകളെ ഏകീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. |
| (ഡി) | മുൻ സർക്കാർ കാലയളവിൽ തൊഴിൽ നഷ്ടപ്പെട്ട ചില ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്ക് അവർ അംഗങ്ങളായ ക്ഷേമനിധി ബോർഡുകൾ വഴി നല്കിയ സഹായങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ? | (ഡി) | 2014-15 വർഷത്തെ മദ്യ നയത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ബാർ/ഹോട്ടൽ തൊഴിലാളികളുടെ പുനരധിവാസത്തിനായി പ്രഖ്യാപിച്ച 'സുരക്ഷാ സ്വയം തൊഴിൽ പദ്ധതി' പ്രകാരം അർഹരായ തൊഴിലാളികളെ കണ്ടെത്തി 5 വർഷത്തേക്ക് 2,50,000/- രൂപ ടേം ലോൺ ആയും 50,000/- രൂപ ഗ്രാൻറ്/സബ്സിഡി ആയും അനുവദിക്കുന്നതിനുള്ള നടപടികൾ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി |

| | | | |
|---|---|---|---|
| | | | ബോർഡ് മുഖേന സ്വീകരിച്ചുവരുന്നു. മുൻ സർക്കാർ കാലയളവിൽ മദ്യനയത്തെത്തുടർന്ന് താൽക്കാലികമായി അടച്ചുപൂട്ടുകയും വീണ്ടും ബിയർ പാർലർ ലൈസൻസ് ലഭിച്ചതിനെ തുടർന്ന് തുറന്നു പ്രവർത്തിക്കുകയും ചെയ്ത സ്ഥാപനങ്ങളിലെ അടച്ചുപൂട്ടിയ കാലയളവിലെ അംശദായ കുടിശ്ശിക ഒഴിവാക്കുന്നതിനും ബിയർ പാർലർ ലൈസൻസ് ലഭിക്കാതെ പൂട്ടിപ്പോയ സ്ഥാപനങ്ങളിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ അംശദായ കുടിശ്ശികയിൽ നിന്നും ഒഴിവാക്കുന്നതിനും പൂട്ടിപ്പോയ തീയതി കണക്കാക്കി അംഗീകരിക്കുന്നതിനുമുള്ള നടപടി കേരള ഷോപ്പ്സ് ആൻറ് കൊമേഴ്യസ്യൽ എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സ്വീകരിച്ചിട്ടുണ്ട്. പൂട്ടികിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2017, 2018 വർഷങ്ങളിൽ ഓണത്തിനും 2019-ൽ വിഷുവിനും ഓണത്തിനും 2000/-രൂപയും 10 കിലോ അരിയും സമാശ്വാസമായി നൽകിയിരുന്നു. മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ കുടിശ്ശിക വന്നിട്ടുള്ളതിനാൽ സജീവ അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് കുടിശ്ശിക തുക ഒടുക്കുവരുത്തി സജീവ അംഗത്വം നിലനിർത്തുന്നതിന് അവസരം നൽകുകയും അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന തൊഴിൽ ഇല്ലാത്ത അവസരത്തിൽ തൊഴിലാളിയുടെ അക്കൗണ്ടിൽ നിന്നും തിരിച്ചടയ്ക്കേണ്ടാത്ത അഡ്വാൻസായി 10,000/- രൂപ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം- 1

| നം. | ബോർഡുകളുടെ പേര് | അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 3027 |
| 2 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 1598367 |
| 3 | കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡ് | 439433 |
| 4 | കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 43002 |
| 5 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 1995459 |
| 6 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 248411 |
| 7 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 70310 |
| 8 | കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് | 38761 (അൺ അറ്റാച്ച്ഡ്)<br>32438 (സ്കാറ്റേർഡ്) |
| 9 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 458612 |
| 10 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 931913<br>20156 (കേരള ഓട്ടോറിക്ഷാ ക്ഷേമപദ്ധതി)<br>15610 (കേരള ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്സ് തൊഴിലാളി ക്ഷേമപദ്ധതി) |
| 11 | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ് | 1176210 |
| 12 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 27489 (കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തത്)<br>1208 (രജിസ്റ്റർ ചെയ്യാത്തത്) |
| 13 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 81652 |
| 14 | കേരള ചെറുകിട തോട്ടം തൊഴിലാളിക്ഷേമനിധി ബോർഡ് | 11238 (തൊഴിലാളികൾ)<br>4113(സ്വയം തൊഴിൽ ചെയ്യുന്നവർ) |
| 15 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 19525 |
| 16 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 836341 |

സെക്ഷൻ ഓഫീസർ